**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6718** **11-07-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഏകീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പൊതുവിദ്യാഭ്യാസ വകുപ്പ്, ഹയർ സെക്കൻഡറി വകുപ്പ്, വൊക്കേഷണൽ ഹയർ സെക്കൻഡറി വകുപ്പ് എന്നിവയുടെ ഏകീകരണം നിലവിൽ വന്നത് എന്നാണ്; | (എ) | പ്രൊഫ. (ഡോ.) എം.എ. ഖാദർ അദ്ധ്യക്ഷനായ വിദഗ്ധ സമിതിയുടെ ശുപാർശകൾ ഘട്ടംഘട്ടമായി നടപ്പാക്കുന്നതിന്റെ ഭാഗമായി പന്ത്രണ്ടാം ക്ലാസുവരെയുള്ള സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിയന്ത്രണവും ഏകോപനവും നിലവിലുള്ള പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കൻഡറി ഡയറക്ടറേറ്റ്, വൊക്കേഷണൽ ഹയർസെക്കൻഡറി ഡയറക്ടറേറ്റ് എന്നീ മൂന്ന് ഡയറക്ടറേറ്റുകളേയും സംയോജിപ്പിച്ച് ഡയറക്ടറേറ്റ് ഓഫ് ജനറൽ എഡ്യൂക്കേഷൻ എന്ന പുതിയ പൊതു സംവിധാനം രൂപീകരിച്ച് ഡയറക്ടർ ഓഫ് ജനറൽ എഡ്യുക്കേഷൻ (ഡി.ജി.ഇ.) എന്ന അധികാരസ്ഥാനം സ്ഥാപിച്ച് അതിൽ നിക്ഷിപ്തമാകുന്നതിനായി സർക്കാർ 31.05.2019 ന് സ.ഉ.(കൈ) നം.53/2019/ പൊ.വി.വ. ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത ഏകീകരണം സ്കൂളുകളിൽ എന്നത്തേയ്ക്ക് നടപ്പിലാക്കാനാകുമെന്ന് അറിയിക്കാമോ; | (ബി) | ഖാദർ **കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂളിന്റെയും റിപ്പോർട്ടിന്റെയും പരിശോധന നടന്നുവരികയാണ്. എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് മാത്രമേ ഇക്കാര്യത്തിൽ വ്യക്തത കൈവരികയുള്ളൂ.** |
| (സി) | ഏകീകരണത്തിലൂടെ എന്തെല്ലാം ഗുണങ്ങളാണ് വകുപ്പ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | 2009 ലെ വിദ്യാഭ്യാസ അവകാശനിയമത്തിന്റെ പശ്ചാത്തലത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിൽ ഊന്നിക്കൊണ്ട്, എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ളതും ജനാധിപത്യ-മതനിരപേക്ഷ മൂല്യങ്ങൾ ഉളവാകുന്നതുമായ ജനകീയ വിദ്യാഭ്യാസക്രമം നടപ്പാക്കുന്നതിനാണ് സ്കൂൾ |

| | | | |
|---|---|---|---|
| | | | ഏകീകരണം നടപ്പാക്കുന്നത്. ഒരു കാമ്പസ്സിൽ ഒന്നിലധികം സ്ഥാപന മേധാവികൾ ഉണ്ടാകുക എന്ന അവസ്ഥ ഒഴിവാക്കുക, ഒരേ കാമ്പസിലെ സ്കൂളുകളെ നിയന്ത്രിക്കുന്ന വ്യത്യസ്ത ഡയറക്ടറേറ്റുകൾ പ്രസ്തുത കാമ്പസ്സിലെ സ്കൂളുകളുടെ പ്രവർത്തനത്തെ ഏകോപിപ്പിക്കുന്നതിന് ഉള്ള തടസം സൃഷ്ടിക്കുന്നത് ഒഴിവാക്കുക, വിവിധ വിഭാഗം ജീവനക്കാർ തമ്മിലുള്ള ഏകോപനം മൂലം മെച്ചപ്പെട്ട ഭരണ സംവിധാനം ഒരുക്കുക, ഒരു കാമ്പസ്സിൽ ലഭ്യമായ എല്ലാത്തരം വിഭവങ്ങളും ലൈബ്രറി, ലാബോറട്ടറി, കമ്പ്യൂട്ടർ ലാബ്, കളിയുപകരണങ്ങൾ തുടങ്ങിയ ഭൗതിക വിഭവങ്ങളും, ഉയർന്ന യോഗ്യത, വൈവിധ്യമാർന്ന കഴിവ്, വ്യത്യസ്തങ്ങളായ അനുഭവങ്ങൾ എന്നിങ്ങനെയുള്ള മനുഷ്യവിഭവശേഷിയും ഫലപ്രദമായി കാമ്പസ്സിലെ മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കുക, തദ്ദേശഭരണ സ്ഥാപനങ്ങളുമായുള്ള ഏകോപനം മെച്ചപ്പെടുത്തുക, സ്കൂളിന്റെ അഭിവൃദ്ധിയ്ക്കായി പ്രാദേശികമായ വിഭവങ്ങൾ കണ്ടെത്തുന്നതിനും കണ്ടെത്തിയവ വിനിയോഗിക്കുന്നതിനും തടസ്സമായി നിൽക്കുന്ന ആന്തരികമായ തർക്കങ്ങൾ ഒഴിവാക്കുക എന്നിവയാണ് **സ്കൂൾ വിഭാഗങ്ങളുടെ ഏകീകരണം കൊണ്ടുണ്ടാകുന്ന പ്രധാന നേട്ടങ്ങൾ.** |

സെക്ഷൻ ഓഫീസർ